പൊതുവിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം
ഹയർസെക്കന്ററി വിംഗ്
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം

തീയതി:12/01/2023

നം.സി.ജി. & എ.സി/244854/2022/HSE

# സർക്കുലർ

വിഷയം:- കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് - ഹയർ സെക്കൻഡറി സ്കൂളുകളിലെ സ്കൗട്ട് & ഗൈഡ്സ് ടോക്കൺ ഫ്ളാഗ് -വിൽപ്പന - നിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന:- 1. **സർക്കാർ ഉത്തരവ് (എം.എസ്) നം. 14/2014/പൊ.വി.വ തീയതി 15/01/2014**
**2.**സർക്കാർ ഉത്തരവ് (എംഎസ്) നം. 7123/2022/പൊ.വിവ. തീയതി 22/11/2022

**സൂചന 1 പ്രകാരം** സർക്കാർ ഉത്തരവ് (എംഎസ്)നം.14/2014/പൊ.വി.വ, തീയതി 15/01/2014 പ്രകാരം 2014 ലാണ് ഹയർസെക്കൻഡറി സ്കൂളുകളിലേക്ക് സ്കൗട്ട്സ് & ഗൈഡ്സ് പ്രവർത്തനം വ്യാപിപ്പിച്ചത്

ഹൈസ്കൂൾ ക്ലാസുകളിൽ നടത്തിയിരുന്ന സ്കൗട്ട് & ഗൈഡ് ടോക്കൺ ഫ്ളാഗിന്റെ വിൽപന ഹയർസെക്കന്ററി ക്ലാസുകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിന് സൂചന (2) ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതിനാൽ ഹയർസെക്കൻഡറി സ്കൂളുകളിലെ സ്കൗട്ട്-ഗൈഡ് ടോക്കൺ ഫ്ളാഗുകളുടെ വിൽപ്പനയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് & ഗൈഡ്സ് സംസ്ഥാന കാര്യാലയം ടോക്കൺ ഫ്ളാഗുകൾ പ്രിന്റ് ചെയ്ത് എല്ലാ വർഷവും ഡിസംബർ 30-നകം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് (ആർഡിഡി) നൽകും, ഓരോ ആർഡിഡിയുടെ പരിധിയിലുള്ള ഹയർസെക്കന്ററി ക്ലാസുകളിലെ കുട്ടികളുടെ എണ്ണത്തിന് അനുസരിച്ചാണ് ഇവ തിരണം ചെയ്യേണ്ടത്. ആർഡിഡിമാർ ടോക്കൺ ഫ്ളാഗുകൾ ജനുവരി 30-ന് മുമ്പ് ഹയർ സെക്കൻഡറി സ്കൂൾ മേധാവികൾക്ക് വിതരണം ചെയ്യണം. വിതരണ സ്റ്റേറ്റ്മെന്റ് ഫെബ്രുവരി 15-ന് മുമ്പ് കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് & ഗൈഡ്സ്, സ്റ്റേറ്റ് സെക്രട്ടറിക്ക് ഇമെയിൽ (secy.ksbsg@kerala.gov.in) മുഖേനോയ തപാൽ മുഖേനയോ ആർഡിഡി മാർ കൈമാറണം.

പ്രിൻസിപ്പൽമാർ തങ്ങൾക്ക് ലഭിക്കുന്ന ടോക്കൺ ഫ്ളാഗുകൾ **ഫെബ്രുവരി** 5 -ന് മുമ്പ് പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്ത് വിലയുടെ 74% ഫെബ്രുവരി 15-നകം ആർഡിഡി ഓഫീസുകളിൽ അടയ്ക്കണം. ശേഷിക്കുന്ന 26% സ്കൂളുകളിലെ സ്കൗട്ട്, ഗൈഡ്, റോവർ, റേഞ്ചർ യൂണിറ്റുകളുടെ പ്രവർത്തനത്തിനായി വിനിയോഗിക്കാം. സ്കൗട്ട്, ഗൈഡ്, റോവർ, റേഞ്ചർ

യൂണിറ്റുകളില്ലാത്ത സ്കൂളുകളിലെ പ്രിൻസിപ്പൽമാർ പിരിച്ചെടുത്ത മുഴുവൻ തുകയും കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് & ഗൈഡ്സ് സംസ്ഥാന കാര്യാലയത്തിലേക്ക് അടക്കുന്നതിനായി ആർഡിഡി ഓഫീസിൽ അടക്കണം.

ആർഡിഡി ഓഫീസിൽ ലഭിക്കുന്ന ടോക്കൺഫ്ളാഗ് കളക്ഷൻ തുക മാർച്ച് 10 നകം കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് & ഗൈഡ്സ് സംസ്ഥാന കാര്യാലയത്തിലേക്ക് തിരുവനന്തപുരത്ത് മാറാവുന്ന ഡിമാർഡ് ഡ്രാഫ്റ്റ് ആയോ, കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് & ഗൈഡ്സ് സംസ്ഥാന കാര്യാലയത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് RTGS/NEFT മുഖേനയോ ( A/c No. 37775679382, IFSC Code: SBIN0070415, Bank SBI Vikasbhavan) അടക്കേണ്ടതാണ്. ഡിഡി/ ബാങ്കിങ് ട്രാൻസ്ഫർ മുഖേന അടച്ച തുകയുടെ വിവരങ്ങൾ (പേ ഇൻസ്ലിപ്പിന്റെ പകർപ്പ) കവറിംഗ് ലെറ്റർ സഹിതം സ്റ്റേറ്റ് സെക്രട്ടറി, കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് & ഗൈഡ്സ് സ്റ്റേറ്റ് ഹെഡ്ക്വാട്ടേഴ്സ്, വികാസ് ഭവൻ പിഒ, തിരുവനന്തപുരം 695033 എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണ്. തുക ലഭിക്കുന്ന മുറയ്ക്ക് കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് & ഗൈഡ്സ് സംസ്ഥാന കാര്യാലയം അതാത് ആർഡിഡിമാരുടെ പേരിൽ രശീത് അയച്ചുകൊടുക്കണം. പ്രതിവർഷം വിതരണം ചെയ്ത ടോക്കൺ ഫ്ളാഗുകളുടെ എണ്ണത്തിനനുസരിച്ച തുക ആർഡിഡികളിൽ നിന്നും പൂർണമായി ലഭ്യമാവുന്ന മുറയ്ക്ക് കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് & ഗൈഡ്സ് സംസ്ഥാന കാര്യാലയം ക്ലിയറൻസ് സർട്ടിഫിക്കറ്റും അനുവദിക്കേണ്ടതാണ്.

സ്കൗട്ട് ഗൈഡ് ടോക്കൺ ഫ്ളാഗ് വിതരണവും ധനസമാഹരണവും സമയബന്ധിതമായി പൂർത്തിയാക്കാൻ എല്ലാ കൺട്രോളിംഗ് ഓഫീസർമാരും ശ്രദ്ധിക്കണമെന്ന് **അറിയിക്കുന്നു.**

ഒപ്പ്/-

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

1. എല്ലാ റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടർ (ആർഡിഡി) മാർക്കും
2. എല്ലാ ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും
3. സെക്രട്ടറി, കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് & ഗൈഡ്സ്, തിരുവനന്തപുരം 695033